പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3507 01.11.2011 ൽ മറുപടിയ്ക്ക്

മുല്ലപ്പെരിയാർ അണക്കെട്ടിൽ പരിശോധന

<u>ചോദ്യം</u> | <u>ഉത്തരം</u>

ശ്രീ.ഷാഫി പറമ്പിൽ

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവ മന്ത്രി)

| | |
|---|---|
| (എ) മുല്ലപ്പെരിയാർ അണക്കെട്ടിൽ കേരളത്തിന്റെ അറിവോടെയല്ലാതെ മുൻപ് പരിശോധനകൾ നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം നടപടികൾ ഈ കാര്യത്തിൽ എടുത്തിട്ടുണ്ട്; | (ബി) കേന്ദ്ര ജല ഊർജ്ജ ഗവേഷണ (CWPRS) കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ, കേരളത്തെ മുൻകൂട്ടി അറിയിക്കാതെ മുല്ലപ്പെരിയാർ ഡാമിൽ നടത്തിയ പരിശോധനയെക്കുറിച്ച് മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ ചെയർമാൻ സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാരസമിതിയിലെ സാങ്കേതിക അംഗവും 'കമ്മിറ്റി കോർഡിനേറ്റർ' ചെയർമാനുമായ ഡോ.സി.ഡി.തട്ടയെ സംസ്ഥാനത്തിന്റെ ശക്തമായ പ്രതിഷേധം കത്തുകളിലൂടെ അറിയിച്ചിട്ടുണ്ട്. ഇതു കൂടാതെ കേരളത്തിന്റെ സ്റ്റാൻഡിംഗ് കൗൺസിലായ ശ്രീ.എം.ആർ.രമേശ്ബാബു മുഖാന്തിരം ഉന്നതാധികാര സമിതിയുടെ മെമ്പർ സെക്രട്ടറിയെയും കേരളം പ്രതിഷേധം അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ഇതിന്മേൽ ഉന്നതാധികാര സമിതിക്ക് നൽകിയ പരാതിയിന്മേൽ ബന്ധപ്പെട്ടവർ എടുത്ത നടപടികൾ എന്തെല്ലാമെന്നറിയിക്കുമോ? | (സി) ഇതിൻമേലുള്ള ഉന്നതാധികാരസമിതിയുടെ തീരുമാനം ലഭ്യമായിട്ടില്ല. എങ്കിലും പ്രതിഷേധം അറിയിച്ചതിനുശേഷം നടത്തിയ Central Water Power Research Station നിലെ ഉദ്യോഗസ്ഥരുടെ മുല്ലപ്പെരിയാർ ഡാം സന്ദർശനത്തെക്കുറിച്ച് മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ ചെയർമാനെ e-mail മുഖാന്തിരം അറിയിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ